# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3705** — **20/06/2019-ൽ മറുപടിയ്ക്ക്**

## ആയുർവേദ ഔഷധ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** ആയുർവേദ ഔഷധ ഉല്പാദനവും മാർക്കറ്റും അലോപ്പതി ഔഷധങ്ങളെ താരതമ്യം ചെയ്യുമ്പോൾ വളരെ വലുതായിട്ടും ആയുർവേദ ഔഷധങ്ങളുടെ നിയന്ത്രണത്തിനും ഗുണനിലവാര പരിശോധനയ്ക്കുമായി ഒരു ഡ്രഗ്സ് കൺട്രോളറെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത നിയമനത്തിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | **എ)** ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിൽ ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് ലൈസൻസിംഗ് അനുവദിക്കുന്നതിന് ലൈസൻസിംഗ് അതോറിറ്റിയായി ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറെ (ആയുർവേദ) നിയമിച്ചിട്ടുണ്ട്. |
| **ബി)** ആയുർവേദ ഔഷധങ്ങളുടെ ഗുണനിലവാര പരിശോധനാ ലാബോറട്ടറികൾ എത്രയെണ്ണമുണ്ട്; ഇവയുടെ നിർമ്മാണത്തിനും പ്രവർത്തനത്തിനും കേന്ദ്ര ഫണ്ട് ലഭ്യമാണോ; കേന്ദ്ര ഫണ്ട് ലഭിച്ചിട്ടും ഇനിയും പ്രവർത്തനമാരംഭിക്കാത്ത ലബോറട്ടറികൾ ഉണ്ടോ; വ്യക്തമാക്കുമോ; | **ബി)** ആയുർവേദ, സിദ്ധ, യുനാനി ഔഷധങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിലേയ്ക്ക് സർക്കാരിന്റെ അധീനതയിൽ എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി എന്നിവിടങ്ങളിൽ ഒരു പ്രത്യേക വിഭാഗം എ.എസ്.യു.വിനായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 7 ആയുഷ് അംഗീകൃത ലാബുകൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു. ആയുർവേദ, സിദ്ധ, യുനാനി വിഭാഗം ലാബുകളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പരിശോധനാ ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്ര ആയുഷ് ഫണ്ട് ലഭിച്ചിട്ടുണ്ട്. |
| **സി)** ആയുർവേദ ഔഷധ നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകളും മറ്റും ഓൺലൈനായി അംഗീകാരത്തിന് സമർപ്പിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | **സി)** ആയുർവേദ, സിദ്ധ, യുനാനി ലൈസൻസ് സംബന്ധമായ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**